ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ 8-11-2012 തീയതിയിലെ സർക്കാർ ഉത്തരവ് നം. 254/12/കാ.യു.വ. പ്രകാരം കാസർഗോഡ് തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്നതിനായി 585 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സിന്തറ്റിക് ഗ്രാസ് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിനായി 452 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 70 ശതമാനം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം

291 (3803) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരമില്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അമ്പിലേരിയിൽ ഇൻഡോർ സ്റ്റേഡിയം

292 (3804) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പിലേരിയിൽ ഒരു ഇൻഡോർ സ്റ്റേഡിയം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly